[Hon'ble Mr. A. Thanu Pillai.]

ഇവിടെ പരാമർശിക്കുകയുണ്ടായി. അവിടെ പെട്രോൾ ബ്ളാക്കുമാർക്കറിൽ വിൽക്കുന്നു എന്ന പരാതിയുണ്ടായതിന്റെ ഫലമായി ഏതാനുംപേരെ സസ്പെൻറു ചെയ്തിട്ടുണ്ട്. അതിൽ ഇടപെട്ട എന്ന സംശയം ഉണ്ടായതുകൊണ്ട് അവിടത്തെ ഏ. എസ്സ്. പി-യുടെ പെൻഷൻ ഇനി ഒരുത്തരവു ഉണ്ടാകുന്നതുവരെ കൊടുക്കരുതു് എന്നു തടഞ്ഞിട്ടുണ്ട്.

MR. E. K. MADHAVAN : ഏ. എസ്. പി-യെ കൂടാതെ വേറെ ആരെയെങ്കിലും ഈ കാര്യത്തിനായി ശിക്ഷിച്ചിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ആ കാര്യം ഞാൻ പറഞ്ഞുകഴിഞ്ഞു. കാൺസ്റ്റബിൾമാരെ സസ്പെൻറു ചെയ്തിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിൽ ഇരിക്കുന്ന ക്ലാർക്കുന്മാരെയും സസ്പെൻറു ചെയ്തിട്ടുണ്ട്.

MR. K. A. MOHAMMED : ഫെർട്ടിലൈസേഴ്സ് ആൻറു കെമിക്കൽസ് കമ്പനിക്കു് അവരുടെ ആവശ്യത്തിൽ കൂടുതൽ പെട്രോൾ കൊടുക്കുന്നതുകൊണ്ടല്ലേ ബ്ളാക്കുമാർക്കറിൽ വിൽക്കാൻ ഇടയാകുന്നതു്?

HON'BLE MR. A. THANU PILLAI : ഇപ്പോൾ കൊടുക്കുന്ന പെട്രോൾ തന്നെ പോരാ എന്നു അവർ പരാതിപ്പെട്ടിട്ടുണ്ട്. എഫ്. ഐ. ടി-യുടെ ആവശ്യത്തിനു് തടികളും വിറകുകളും മറ്റും കൊണ്ടുവരുവാൻ ധാരാളം പെട്രോൾ ആവശ്യമുണ്ടെന്നു അവരും പറയുന്നു. ഏതായാലും എല്ലാംചേർത്തു അന്വേഷണം നടത്തിവരികയാണു.

കാർഷികകാളേജ് സ്ഥാപനം.

291. MR. MANNAR K. GOPALAN NAIR : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കാർഷികവകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂറിൽ ഒരു കാർഷികകാളേജ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ഗവൺമെൻറു് ആലോചിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : സർവകലാശാലയിൽനിന്നും അഗ്രികൾച്ചറൽ ഡിപ്ലോമാകോഴ്സ് ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷെ സ്ഥലസൗകര്യക്കുറവുകൊണ്ടു പഠിത്തംതുടങ്ങിയിട്ടില്ല. ഡിഗ്രിയും ഡിപ്ലോമായും കോഴ്സുകളും പുതിയതായി ആരംഭിക്കുവാൻപോകുന്ന അഗ്രികൾച്ചറൽകാളേജിൽ നടപ്പിലാക്കുന്നതാണു. അതിനുവേണ്ടി ഏകദേശം ഏക്കർസ്ഥലം വെള്ളായണിക്കു സമീപം എടുക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. വേണ്ട നടപടികൾ നടത്തി സ്ഥലം കിട്ടിക്കഴിഞ്ഞാൽ കാളേജിന്റെ പണി ആരംഭിക്കുന്നതാണു.

LIBRARY ARCHIVES Kerala Legislative Assembly

MR. MANNAR K. GOPALAN NAIR : എത്രകാലത്തിനകം ഇതിന്റെ പണി തീരുമെന്ന പറയാമോ?

HON'BLE MR. K. M. KORAH : സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല. കഴിയുന്നതും വേഗത്തിൽ തീർക്കാൻ ശ്രമിക്കുന്നതാണ്.

Perumbavoor Market.

292. MR. MAJEED MARIKAR (*Kunnathnad I—Muslim*) : Will the Honourable Minister for Land be pleased to state :

(*a*) whether there has been any proposal before the Government to shift the Perumbavoor Market from its present site ;

(*b*) whether any reprsentation has been received from the local public regarding this proposal ; and

(*c*) whether any action has been taken on such representation ?

HON'BLE MR. C. KESAVAN : (എ) ഇവിടെ പെരുമ്പാവൂർ മാർക്കറ്റ് എന്നു പറയുന്നു. പെരുമ്പാവൂരിൽ മൂന്നു മാർക്കറ്റുകൾ ഉണ്ട്. ക. ഫിഷ് മാർക്കറ്റ്. ഖ. വെജിറ്റബിൾ മാർക്കറ്റ്. ഗ. ക്യാറ്റിൽ മാർക്കറ്റ്. ഏതാണു ഉദ്ദേശിക്കുന്നതെന്നു അറിയാൻ നിവൃത്തിയില്ല.

(ബി) കിട്ടിയിട്ടുണ്ട്.

(സി) അന്വേഷണത്തിലിരിക്കുന്നു.

MR. N. V. CHACKO : ഈ മാർക്കറ്റുകൾ മൂന്നുംകൂടി ഒന്നാക്കി കുറെ നല്ല സ്ഥലത്തു് സ്ഥാപിക്കുവാൻ ഗവണ്മെന്റു് ആലോചിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN : ഗവണ്മെന്റിന്റെ ആലോചനയിൽ ആ വിഷയം വന്നിട്ടില്ല.

Tamil Typewriter

293. MR. R. CHELLASWAMI NADAR (*Vilavancode—Hindu Nadar*) : Will the Honourable Minister for General Administration be pleased to state ;

(*a*) the number of Tamil Typewriting machines with the Government ; and

(*b*) if the answer is in the negative the reasons for having none ?

HON'BLE MR. T. M. VARGHESE : (എ) ഗവണ്മെന്റിന്റെ കൈവശത്തിൽ തമിഴ് ടൈപ്പുറൈറ്റർ ഇല്ല.

(ബി) അതിനുള്ള കാരണം അതു കിട്ടാത്തതാണ്.

ക ക ഒ ഒ-ൽ തമിഴ് ടൈപ്പുറൈറ്റർ ഒന്നെങ്കിലും കിട്ടുമോ എന്നു് ഗവണ്മെന്റു് അന്വേഷിച്ചു, മദ്രാസിലാണു അന്വേഷിച്ചതു. ഒന്നും കിട്ടിയില്ല. ക ക ഒ ന-ൽ മദ്രാസിലുള്ള അഡിസൻ കമ്പനിയിലും

LIBRARY ARCHIVES Kerala Legislative Assembly